"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.നസീം.കെ.എ. കൺസൾട്ടന്റ് (ഗൈനക്കോളജി) ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.898/2023-ന്മേലുള്ള 16.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3068/2023/H&FWD തീയതി,തിരുവനന്തപുരം, 21-11-2023

---

പരാമർശം:-
1. ഡോ.നസീം.കെ.എ., കൺസൾട്ടന്റ് (ഗൈനക്കോളജി) സമർപ്പിച്ച തീയതിയായ അപേക്ഷ
2. ട്രൈബ്യൂണലിന്റെ OA(EKM) No.898/2023-ന്മേലുള്ള 16.06.2023-ലെ ഉത്തരവ്.
3. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**ഉത്തരവ്**

ഡോ. നസീം.കെ.എ. കൺസൾട്ടന്റ് (ഗൈനക്കോളജി), 2023 പൊതുസ്ഥലംമാറ്റത്തിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ട്രൈബ്യൂണല് മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.898/2023-ന്മേലുള്ള 16.06.2023-ലെ ഉത്തരവിൽ അപേക്ഷകയുടെ Annexure A4 അപേക്ഷ പരിഗണിക്കുന്നതിനും 3 ആഴ്ചയ്ക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു. സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളുടെ ഉത്തരവിലെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി 05.08.2023-ലെ സ.ഉ (സാധാ) നം.1984/2023/ആകുവ പ്രകാരം രൂപീകൃതമായ കമ്മിറ്റി ഡോ.നസീം. കെ.എ. സമർപ്പിച്ച പുനഃപരിശോധന ഹർജി പരിശോധിക്കുകയുണ്ടായി.

2) അപേക്ഷകൻ സ്ഥലംമാറ്റ അപേക്ഷയിൽ രണ്ടാം ഓപ്ഷനായി സമർപ്പിച്ചിരുന്ന തിരൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ടിരുന്ന ഡോ.ദീപ പ്രഭ.എൻ.എം. സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നില്ല. ആയതിനാൽ, ഗൈനക്ക് വിഭാഗം കൺസൾട്ടന്റ് ഡോ.നസീം.കെ.എ.-ക്ക് തിരൂർ ജില്ലാ ആശുപത്രിയിൽ നിയമനം നൽകിയും, പ്രസ്തുത ആശുപത്രിയിലേയ്ക്ക് പൊതുസ്ഥലംമാറ്റ പ്രകാരം സ്ഥലംമാറ്റം നൽകിയിരുന്ന ഗൈനക്ക് വിഭാഗം

0106355

GOVERNMENT OF KERALA

കൺസൾട്ടന്റ് ഡോ.ദീപ പ്രഭ എൻ.എം.-നെ ഗൈനക്ക് വിഭാഗം കൺസൾട്ടന്റ് ഡോ.സ്വപ്ന ഭാസ്കറിനെ സ്ഥലംമാറ്റിയതിലൂടെ തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ കൺസൾട്ടന്റ് (ഗൈനക്കോളജി) വിഭാഗം തസ്തികയിൽ നിലവിൽ വന്ന ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) മലപ്പുറം.
Dr.Naseem.K.A., Consultant (O&G), Shedes, Chemmad, Tirurangadi.P.O., Malappuram - 676 306.
Dr.Deepa Prebha.N.M., Consultant (O&G), District Hospital, Tirur, Malappuram.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.
പകർപ്പ്: ബഹു. ആരോഗ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം
Signed by
R Renuka
Date: 21-11-2023 15:50:19
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.എ1-5154/2023/ആ.വ.ഡ, തീയതി 22/11/2023 സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി